ശ്രീമതി കുസുമം : പ്രൈവറ്റ് ഹൈസ്കൂളുകളിൽ ഇരുപതുകൊല്ലത്തെ സർവ്വീസില്ലാത്തവരെ ഹെഡ്മാസ്റ്റർമാരായി പ്രമോട്ട് ചെയ്യാറില്ല. അവർക്ക് വെറും 25 രൂപ അലവൻസ് മാത്രമാണ് കൊടുക്കുന്നത്. ഓരോ ക്ലാസ്സിലും ഓരോ ഡിവിഷൻ ഉള്ള സ്കൂളുകളിലും പത്തും, ഇരുപതും ഡിവിഷനുകൾ ഉള്ള സ്കൂളുകളിലും 25 രൂപ അലവൻസേ നൽകുന്നുള്ളൂ. കുട്ടികളുടെ എണ്ണം വർദ്ധിക്കുന്നതോതിൽ അലവൻസ് കൂട്ടാൻ വല്ല നടപടിയും സ്വീകരിക്കുമോ ?

ശ്രീ. ആർ. ശങ്കർ : അങ്ങനെ വ്യത്യസ്തമായ ഒരു പരിഗണന എളുപ്പമല്ല. കുട്ടികളുടെ സംഖ്യയെ അടിസ്ഥാനമാക്കി ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാർക്ക് അലവൻസ് വർദ്ധിപ്പിക്കുക സാദ്ധ്യമല്ല.

സ്വർണ്ണാഭരണത്തൊഴിലാളികളുടെ അവശതകൾ.

* 711. [16] ശ്രീ. പി. സി. രാഘവൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജോലിയില്ലാതായ സ്വർണ്ണാഭരണത്തൊഴിലാളികളെ പുനരധിവസിപ്പിക്കാനുള്ള സ്കീം ഈ സ്റ്റേറ്റിൽ ഏതെല്ലാം വിധത്തിൽ പ്രവർത്തിച്ചുവരുന്നു ;

(ബി) ഇതിന്റെ ഫലമായി എത്ര കുടുംബങ്ങൾക്ക് ഇപ്പോൾ ജീവിതാശ്വാസം ലഭിക്കുന്നുണ്ട് ;

(സി) സ്വർണ്ണാഭരണത്തൊഴിലാളികൾക്ക് സൗജന്യറേഷൻ കൊടുത്തവകയിൽ എത്ര സംഖ്യ ഇതുവരെ ചെലവായി ;

(ഡി) സൗജന്യറേഷൻ കൊടുത്തവക തുക ഇനിയും ന്യായവിലഷാപ്പുടമസ്ഥന്മാർക്ക് അനുവദിച്ചുകൊടുത്തിട്ടില്ലേ ;

(ഈ) ഇല്ലെങ്കിൽ ഈ തുക അടിയന്തിരമായി കൊടുക്കുന്നതിനു ദയവുണ്ടാകുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ):

(എ) വിവരങ്ങൾ അടങ്ങിയ സ്റ്റേറ്റുമെന്റ് † മേശപ്പുറത്തു വച്ചിരിക്കുന്നു.

(ബി) വ്യവസായവകുപ്പിന്റെ പ്രവർത്തനഫലമായി, 498 കുടുംബങ്ങൾക്ക് ആശ്വാസം ലഭിക്കുന്നുണ്ട്. ഫീസു സൗജന്യം അനുവദിച്ചതിന്റെ ഫലമായി, സ്വർണ്ണത്തൊഴിലാളികളുടെ 716 കുടികൾക്ക് ആശ്വാസം ലഭിച്ചിട്ടുണ്ട്. ഇൻഡസ്ട്രിയൽ ഇൻസ്ട്രിറ്റ്യൂട്ടുകളിൽ 153 പേരെ പരിശീലനത്തിനെടുത്തിട്ടുണ്ട്. എംപ്ലായ്മെൻറ് എക്സ്ചേഞ്ചുകളിൽക്കൂടി 31-1-1964 വരെ 32 പേർക്ക് ജോലി ലഭിച്ചിട്ടുണ്ട്.

(സി) 1,14,880 ക. 26 നയാപൈസ.

(ഡി, ഈ) ഗവൺമെൻറിനു കിട്ടിയിട്ടുള്ള റിപ്പോർട്ടുകൾ അനുസരിച്ച്, ഏതാനും കളക്ടർമാർ സംഖ്യ കൊടുത്തുകഴിഞ്ഞിട്ടുണ്ട്. ബാക്കിയുള്ളവർ സംഖ്യ കൊടുത്തുവരുന്നു.

മി. സ്പീക്കർ : ഇതോടൊന്നിച്ച് ചോദ്യം 22-നുള്ള ഉത്തരംകൂടി പറയാം.

സ്വർണ്ണത്തൊഴിലാളികൾക്ക് നൽകിയിട്ടുള്ള ആനുകൂല്യങ്ങൾ.

* 712. [22] ശ്രീ. കെ. അവുക്കാദർകുട്ടിനഹ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ സ്വർണ്ണനിയന്ത്രണച്ചട്ടങ്ങൾ പ്രകാരം എന്തെല്ലാം ആനുകൂല്യങ്ങളാണ് സ്വർണ്ണത്തൊഴിലാളികൾക്ക് നൽകിയിട്ടുള്ളത് ;

† Appendix II

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1963–64 വർഷത്തിൽ സ്വർണ്ണത്തൊഴിലാളികളെ സഹായിക്കുവാൻ സർക്കാരിനു് എത്ര രൂപ ചെലവായി ;

(സി) 1964–65-ലേക്കു് ഈ ആവശ്യാർത്ഥം എത്ര രൂപ നീക്കിവയ്ക്കുന്നുണ്ടു് ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻനായർ) :

(എ) പുതിയ സ്വർണ്ണനിയന്ത്രണച്ചട്ടങ്ങളം അനുസരിച്ചു സ്വർണ്ണപ്പണിക്കാരായി തുടരാൻ ആഗ്രഹിക്കുന്നവർ, 31–3–1964–നു മുൻപു് നിർദ്ദിഷ്ടഫാറത്തിൽ, അപേക്ഷകരം തഹശീൽദാർമാർക്കു് അയച്ചിരുന്നാൽ, അവർക്കു സ്വർണ്ണനിയന്ത്രണച്ചട്ടങ്ങളം അനുസരിച്ചുള്ള ലൈസൻസു് കൊടുക്കുന്നതായിരിക്കും. അങ്ങനെ ലൈസൻസിനു അപേക്ഷിച്ചിട്ടുള്ളവർക്കു പതിനാലു കാരറ്റിലധികമുള്ള പഴയ ആഭരണങ്ങളം അതേ അളവിലും, മാറ്റിലുമുള്ള പുതിയ ആഭരണങ്ങളം ഉണ്ടാക്കുന്നതിനായി സ്വീകരിക്കാവുന്നതാണു്. സ്വർണ്ണപ്പണിയിൽ തുടരാൻ ആഗ്രഹിക്കാത്തവർക്കു് പുനരധിവാസ പദ്ധതിപ്രകാരമുള്ള ആനുകൂല്യങ്ങളം സ്വീകരിക്കാവുന്നതാണു്. സ്വർണ്ണപ്പണിക്കാരുടെ പുനരധിവാസത്തിനു ഗവണ്മെൻറു സ്വീകരിച്ചിട്ടുള്ള പദ്ധതികളെപ്പറ്റി സഭയിൽ പ്രസ്താവിച്ചുകഴിഞ്ഞിട്ടുണ്ടു്.

(ബി) 29–2–1964–വരെ ആകെ ചെലവു്, സൗജന്യറേഷൻ അനുവദിച്ചതു ഉൾപ്പെടെ, 1,81,710 ക. 41 നയാപൈസയാണു്. കൂടുതൽ തുക ഈ കൊല്ലംതന്നെ ചെലവാകുമെന്നാണു് പ്രതീക്ഷിക്കുന്നതു്.

(സി) വിവിധ പദ്ധതികൾക്കായി ആകെ 2,95,300 ക. 1964–65 ലേക്കു നീക്കിവച്ചിട്ടുണ്ടു്.

ശ്രീ. പി. സി. രാഘവൻനായർ: പുനരധിവാസപദ്ധതിയിൽ, ചെറിയ തോതിൽ വ്യവസായങ്ങളം തുടങ്ങാൻ ആഗ്രഹിക്കുന്ന സ്വർണ്ണത്തൊഴിലാളികൾക്കു് ആം ജാമ്യത്തിൽ വായ്പകൊടുക്കുന്നതിനുള്ള വ്യവസ്ഥ കാണുന്നുണ്ടു്. ആം ജാമ്യം കൊടുക്കുന്നവർ, തഹശീൽദാരുടെ സോൾവൻസി സർട്ടിഫിക്കറ്റു ഹാജരാക്കണമെന്നുണ്ടു്. ഭൂസ്വത്തുള്ളവർക്കു മാത്രമേ അങ്ങനെ ആംജാമ്യം നിൽക്കാൻ സാധിക്കുന്നുള്ള, അതുകൊണ്ടു് ആം ജാമ്യത്തിന്മേൽ സ്വർണ്ണപ്പണിക്കാർക്കു് ഈ വായ്പ വാങ്ങാൻ വളരെ സാദ്ധ്യതയില്ലെന്നറിയാമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അതിനു ബുദ്ധിമുട്ടു നേരിടുന്നുണ്ടെന്നു മനസ്സിലായതുകൊണ്ടാണു് പേഴ്സനൽ സെക്യൂരിറ്റിയിൽ, 250 രൂപവരെ ആംജാമ്യം കൂടാതെ, സ്വന്തം ബോണ്ടിൻെറ അടിസ്ഥാനത്തിൽ കൊടുക്കാൻ തീരുമാനിച്ചിട്ടുള്ളതു്. അതു സംബന്ധിച്ച ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടു്.

ശ്രീ. സി. അച്യുത മേനോൻ : സ്വർണ്ണത്തൊഴിലാളികളുടെ പുനരധിവാസത്തിനുവേണ്ടി ഈ ഗവണ്മെൻറു എന്തെല്ലാം പദ്ധതികളം കേന്ദ്രഗവണ്മെൻറിലേക്കു സമർപ്പിച്ചിരുന്നു. അതിൽ എത്ര ലക്ഷം രൂപയുടെ പദ്ധതികൾക്കു കേന്ദ്രസഹായം അനുവദിച്ചിട്ടുണ്ടു് ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അതിനു വ്യക്തമായി മറുപടി പറയാൻ സാദ്ധ്യമല്ല. അതു സംബന്ധിച്ചു സ്വീകരിച്ച നടപടികളാണു് മറുപടിയായി പറഞ്ഞിട്ടുള്ളതു്.

ശ്രീ. സി. അച്യുത മേനോൻ : സ്വർണ്ണത്തൊഴിലാളികളുടെ സഹകരണസംഘങ്ങൾ പല സ്ഥലത്തും രൂപവൽക്കരിച്ചു് ലോണിനും, ഗ്രാൻറിനും അപേക്ഷിച്ചിട്ടുണ്ടു്. അതിൽ ഏതെങ്കിലും സൊസൈറ്റിക്കു എന്തെങ്കിലും സഹായം ലഭിച്ചിട്ടുണ്ടോ, അതു പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഒരു സൊസൈറ്റിക്കു ആവശ്യമായ ധനസഹായം നൽകിയിട്ടുണ്ടു്. വേറെ സൊസൈറ്റികൾക്കും മുമ്പോട്ടു വരുന്നില്ല. മുന്നോട്ടു വരുന്ന സൊസൈറ്റികൾക്കു് ആവശ്യമായ എല്ലാ സഹായവും ചെയ്തു കൊടുക്കും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി എ. നഫീസത്തു ബീവി : സ്വർണ്ണത്തൊഴിലാളികളെ ഷെഡ്യൂൾ കാസ്റ്റുകാരുടെകൂടെ ഉൾപ്പെടുത്തി ഉദ്യോഗം നൽകുന്നകാര്യത്തിൽ പരിഗണന നൽകാമെന്നു പറഞ്ഞിരുന്നു. അതനുസരിച്ചു വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഷെഡ്യൂൾ കാസ്റ്റിൽപെടുത്താമെന്നല്ല, മുൻഗണന നൽകാമെന്നു സമ്മതിച്ചിട്ടുണ്ട്. അതനുസരിച്ചു വേണ്ടതു ചെയ്യുന്നുണ്ട്.

ശ്രീ. ഒ. കോരൻ : സ്വർണ്ണത്തൊഴിലാളികൾക്കു ചെറിയ തോതിൽ കച്ചവടം ചെയ്യുന്നതിനും മറും 250 രൂപ വരെ പേഴ്സനൽ ബോണ്ടിന്റെ അടിസ്ഥാനത്തിൽ കൊടുക്കുമെന്നു പറഞ്ഞു. അതു് ഈ കൊല്ലംതന്നെ കൊടുക്കുമോ, ഫാറം ഇല്ലെന്നുള്ള കാരണം കൊണ്ടും മറും കാലതാമസം ഉണ്ടാകുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : മാർച്ചു 31-നു മുമ്പുതന്നെ ഈ സംഖ്യ വിതരണം ചെയ്യാൻ സാധിക്കത്തക്കവിധത്തിൽ നടപടികളും സ്വീകരിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. എൻ. ഭാസ്കരൻ നായർ : സൗജന്യറേഷൻ നൽകിയ വകയിൽ ഒരു സംഖ്യ ചെലവായിട്ടുണ്ടെന്നു പറഞ്ഞു. സൗജന്യറേഷൻ നൽകിയ റേഷൻ കടക്കാർക്കു അതിന്റെ വില കിട്ടിയിട്ടില്ലെന്നു പറയുന്നതു് പരിശോധിച്ചിട്ടുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : മിക്കവാറും സംഖ്യ കൊടുത്തു കഴിഞ്ഞിട്ടുണ്ടു്. ചിലർക്കു കൊടുക്കാൻ സാധിച്ചിട്ടില്ല. അവർക്കു കൊടുക്കുന്നതിനുള്ള നടപടികളും കളക്ടർമാർ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ടു്.

പട്ടണങ്ങളിലെ സ്കാവഞ്ചിംഗ് സമ്പ്രദായം.

* 713. [17] ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ : † താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടണങ്ങളിൽ സ്കാവഞ്ചിംഗ് സമ്പ്രദായം നിശ്ശേഷം നിറുത്തലാക്കി പകരം സെപ്ടിക്ടാങ്ക് കക്കൂസുകളും മറും ഏർപ്പെടുത്താനായി ഗവണ്മെന്റു വല്ല പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ എന്തൊക്കെയാണു് ;

(സി) ഇത്തരം ഒരു പദ്ധതി നടപ്പിലാക്കാൻ എത്ര ചെലവുവരും ?

പൊതുജനാരോഗ്യ വകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) പട്ടണങ്ങളിൽ സ്കാവഞ്ചിംഗ് സംമ്പ്രദായം നിശ്ശേഷം നിറുത്തലാക്കുന്നതിനുള്ള ഒരു പദ്ധതി ഗവണ്മെന്റിന്റെ പരിഗണനയിൽ ഇരിക്കുന്നു.

(ബി,സി) കൃത്യമായി തിട്ടപ്പെടുത്തിയിട്ടില്ല.

ഭവന നിർമ്മാണത്തിനുള്ള ലോൺ.

* 714. [18] ശ്രീ. എസ്. കുമാരൻ : † താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ. ജി. ഒ. മാർക്കു് House Construction Loan ഇനി അനുവദിക്കുന്നതല്ല എന്നു് ഗവണ്മെന്റിൽനിന്നും ഉത്തരവു് പുറപ്പെടുവിച്ചിട്ടുണ്ടോ ;

† Put by Shri K. C. Abraham.
† Put by Shri T. C. Narayanan Nambiar.

LIBRARY ARCHIVES Kerala Legislative Assembly